

# അതിഥി ദേവോ ഭവഃ

വിനു എബ്രഹാം

**നോവലെറ്റിന് ഒരാമുഖം**

2002-ൽ പ്രസിദ്ധീകരിച്ച ലഘുനോവലാണ് 'അതിഥി ദേവോ ഭവഃ'. കേരളത്തിൽ കോള ഒരു മുഖ്യവിഷയമാകുന്നതിന് മുമ്പ് എഴുതപ്പെട്ട കൃതി.

പാശ്ചാത്യലോകത്തിന്റെ അധിനിവേശവും അമേരിക്കൻ ആധിപത്യത്തിലുള്ള ആഗോളവൽക്കരണവും എന്നിലുണർത്തിയ പ്രതികരണങ്ങളാണ് ഈ കഥ. ഇതിലെ ശീതക്കാറ്റാണ് യഥാർത്ഥത്തിൽ ഇങ്ങനെ ഒരു സർഗ്ഗരചനയിലേക്ക് കടക്കാൻ എനിക്ക് നിമിത്തമായത്. 1990 ഡിസംബർ 31ന് വൈകുന്നേരം ബോംബെയിൽ യഥാർത്ഥത്തിൽ സംഭവിച്ച, പൊടുന്നനെയുള്ള, നഗരത്തിന് അന്നോളം അപരിചിതമായിരുന്ന ഒരു ശീതക്കാറ്റിന്റെ ആക്രമണവും തുടർന്ന് നഗരം ഏതാനും ദിനങ്ങൾ കൊടുംശൈത്യത്തിലമർന്നതിന്റെയും അനുഭവമാണ് കഥയുടെ സ്പാർക്ക്.

പക്ഷേ, വർഷങ്ങൾക്ക് ശേഷം കേരളത്തിൽ വച്ച് എനിക്കുണ്ടായ ഒരു ട്രെയിൻ യാത്രാ അനുഭവമാണ് കഥയുടെ ചാലകശക്തിയായി വർത്തിച്ചത്. യാദൃശ്ചികമായി രണ്ട് കമ്പനി എക്സിക്യൂട്ടീവുകളായ ചെറുപ്പക്കാരുടെ സംഭാഷണം ട്രെയിനിൽ വച്ച് ഞാൻ കേൾക്കുന്നു. കൊക്കകോള കമ്പനിയുടെ എക്സിക്യൂട്ടീവെന്ന് സംഭാഷണത്തിനിടെ എനിക്ക് മനസ്സിലായ ചെറുപ്പക്കാരൻ പറയുന്നു. **"ഭൂമിയിൽ ആരും പച്ചവെള്ളം കുടിക്കരുത്. പകരം എല്ലാവരും കൊക്കക്കോള കുടിക്കണം. ഇതാണ് ഞങ്ങളുടെ അൾട്ടിമേറ്റ് എയിം. മനുഷ്യർ കൊളയെ പച്ചവെള്ളത്തിന് സമം കരുതി ഉപയോഗിക്കുന്ന ഒരു കാലം വരണം."**

എന്നെ അങ്ങേയറ്റം അസ്വസ്ഥനാക്കിയ ഒരു അനുഭവമായിരുന്നു ഈ സംഭാഷണം. തുടർന്നുള്ള ദിവസങ്ങളിൽ എപ്പോഴോ ഈ അസ്വസ്ഥയിലേക്ക് മുമ്പ് ഞാൻ ബോംബെയിൽ അനുഭവിച്ച ശീതക്കാറ്റ് ആഞ്ഞുവീശി. അങ്ങനെ 'അതിഥി ദേവോ ഭവഃ' രൂപംകൊണ്ടു.

'ദേശാഭിമാനി' വാരികയിൽ 2002 ഏപ്രിൽ 22 ന് (തികച്ചും യാദൃശ്ചികം, പ്ലാച്ചിമട സമരം തുടങ്ങിയതും അന്ന്) ആണ് ഈ കൃതി ആദ്യം പ്രസിദ്ധീകരിച്ചത്. പിന്നെ എന്റെ 'ഒരു സ്വാദ് നോട്ടക്കാരന്റെ ഭക്ഷണ പര്യവേഷണങ്ങൾ' എന്ന ലഘുനോവൽ സമാഹാരത്തിൽ അത് ഇടം പിടിച്ചു.

എന്നാൽ ആസ്വാദകലോകവും പ്രബുദ്ധരായ വായനാസമൂഹവും 'അതിഥി ദേവോ ഭവഃ' എന്ന കഥയുടെ സാമൂഹ്യപ്രസക്തി വേണ്ടത്ര തിരിച്ചറിഞ്ഞോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. പ്രത്യേകിച്ച്, കേരളം കോളക്കെതിരെയുള്ള ഒരു നിർണ്ണായക സമരത്തിലേർപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ. എന്തായാലും, ഞാൻ ഈ കഥയെ 'കേരളീയ'ത്തിന് നൽകുന്നു. ഉചിതം പോലെ ചെയ്യുക.

*സ്നേഹപൂർവ്വം, വിനു എബ്രഹാം*

കടുത്ത തണുപ്പും ശുഷ്കഭക്ഷണവും എന്നെ ഈയിടെയായി വല്ലാതെ വലയ്ക്കുന്നുണ്ട്. എന്നാൽ ആരോട് പരാതിപ്പെടാൻ! ഭക്ഷണച്ചന്തയിലെ പുതിയ പുതിയ വിഭവങ്ങൾ ഉപയോഗിക്കാൻ മടി കാണിക്കുന്നവർക്ക് മാത്രമാണ് ദാരിദ്ര്യം; ഉപയോഗിക്കാൻ താൽപര്യമുണ്ടെങ്കിൽ അതിനുള്ള വഴികളും താനേ തുറന്നുവരും എന്ന് രാജ്യത്തിന്റെ പ്രധാനമന്ത്രി ഒരു സ്വാതന്ത്ര്യദിന ടെലിവിഷൻ പ്രസംഗത്തിൽ ജനങ്ങളോട് പറഞ്ഞു. പുതിയ കാലയളവിലെ വിവേകപൂർവമുള്ള ശബ്ദമായി അതെന്ന് പിറ്റേന്ന് പത്രങ്ങളിൽ വിശകലനങ്ങൾ കണ്ടു. പതിവായി പ്രാതൽ കഴിക്കുന്ന ചെറിയ ഭക്ഷണപ്പീടികയുടെ വാതിലുകൾ എന്നെന്നേക്കുമായി അടഞ്ഞിരിക്കുന്നു എന്ന സത്യം വിശകലനങ്ങൾ വായിച്ചപ്പോൾ വയറ്റിലുണ്ടായ ആന്തലിന്റെ നഖങ്ങളെ ഒന്നുകൂടി കൂർത്തതും ക്രൂരതയുള്ളതുമാക്കുന്നതായി വേദനയോടെ ഞാനറിഞ്ഞു.

കുറെ നാളുകൾക്ക് ശേഷം രാജ്യത്തെമ്പാടും നടുക്കുന്ന ഒരു വാർത്ത ആഞ്ഞുവീശിത്തുടങ്ങി. പൈപ്പുകളിലൂടെ വരുന്ന ശുദ്ധജലം ഒട്ടുംതന്നെ ശുദ്ധജലമല്ലെന്നും രാജ്യത്തിന്റെ ഭൂമിയിലുള്ള മിക്ക ജലസ്രോതസ്സുകളിലെയും വെള്ളം ഒരു വിധത്തിലും കുടിക്കാൻ യോഗ്യമല്ലെന്നുമുള്ള വാർത്ത. കുളിക്കാനും മറ്റ് ആവശ്യങ്ങൾക്കുമൊക്കെ ഈ വെള്ളമെല്ലാം ഉപയോഗിക്കാം. പക്ഷേ കുടിക്കാൻ ഈ ജലം ഉപയോഗിക്കാതിരിക്കുക. മലവെള്ളപ്പാച്ചിൽ പോലെ വെള്ളത്തിനെതിരെയുള്ള

വാർത്തകളും ഉദ്ബോധനങ്ങളും എങ്ങും നിരന്നു. സർക്കാരിന്റെ ആരോഗ്യവിദഗ്ധന്മാരും പ്രമുഖ ചാനൽ - പത്ര മാധ്യമങ്ങളുമെല്ലാം കുടിവെള്ളത്തിന്റെ അനാരോഗ്യത്തെപ്പറ്റി ബോധവൽക്കരണം നടത്തി.

കുടിവെള്ളത്തിന് പകരം പിന്നെന്ത് എന്ന ചോദ്യത്തിന് അവർ ഉത്തരവും നിർദേശിച്ചു. ശുദ്ധമായ കോളകൾ മാത്രം ഉപയോഗിക്കുക.

ശുദ്ധമായ കോളകൾ ഏതെന്ന് സംശയത്തിനിടയില്ലാത്തവിധം പടിഞ്ഞാറൻ പോലീസ്‌രാജ്യത്ത് നിന്നുള്ള രണ്ട് കോളക്കമ്പനികൾ കേൾവിയിൽ കൂടിയും ഒരാൾക്കും നഷ്ടപ്പെടാത്ത രീതിയിൽ സർവവ്യാപിയായി തങ്ങൾ നടത്തുന്ന പരസ്യങ്ങളിൽ ജനങ്ങളെ ബോധവൽക്കരിച്ചു. ഒന്നുകിൽ 'സി' കോള അല്ലെങ്കിൽ 'പി.' കോള. ഇവ രണ്ടിൽനിന്നും ഒരു തെരഞ്ഞെടുപ്പ് മാത്രം നിങ്ങൾ നടത്തിയാൽ മതി. ദാഹശമനം സംബന്ധിച്ച് 'സി' കോളയും 'പി' കോളയും അല്ലാത്തതൊന്നും പ്രസക്തമാകുന്നില്ല. ഈ രണ്ട് കോളകൾക്ക് മാത്രമേ നിങ്ങളുടെ ജീവൻ ഇനി നിലനിർത്താനാവൂ.

"ഇനി ജീവജലമില്ല, ജീവകോള മാത്രം", "കോള കുടിയ്ക്കൂ, ജീവൻ നിലനിർത്തൂ, ജീവിതം ആസ്വദിക്കൂ." ഉദ്ബോധനങ്ങൾ വർണ്ണാഭമായ പരസ്യങ്ങളിലൂടെ ജനങ്ങളെ മാടിവിളിച്ചു.

അങ്ങനെ, വെള്ളം കുടിക്കുക എന്നത് പറഞ്ഞറിയിക്കാനാവാത്തവിധം മോശപ്പെട്ട ഒരു സാമൂഹിക തിന്മയായിത്തീരുകയായിരുന്നു.

എനിക്ക് കോളകളുടെ ഒരു പ്രത്യേക മധുരവും ചവർപ്പുമെല്ലാം പണ്ടേ അരുചികരമായി തോന്നിയിരുന്നു. എന്നിട്ടിപ്പോൾ ദാഹിക്കുമ്പോഴെല്ലാം അത് കുടിക്കേണ്ടിവരിക, എന്നു പറഞ്ഞാൽ....! അതും ദിവസവും നല്ലൊരു സംഖ്യ ചെലവാക്കി.

കോള കുടിച്ചാൽ തന്നെ ദാഹമൊട്ട് തീരുകയുമില്ല. കുടിച്ച് കഴിയുമ്പോഴേക്കും കുടിക്കുന്നതിന് മുമ്പത്തേക്കാൾ ഒരു പരവേശവും ശമനതൃഷ്ണയും വയറിലും മനസ്സിലും കത്തിപ്പിടിക്കുന്നു.

സേട്ടിന്റെ കടയിൽ മുമ്പ് തിളപ്പിച്ചാറിയ വെള്ളം വച്ചിരുന്നിടത്ത് ഇപ്പോൾ കോളമാത്രം. കുടിക്കുന്ന കോളയുടെ പൈസ ശമ്പളത്തിൽനിന്ന് വെട്ടിക്കുറക്കുകയും ചെയ്യുന്നു.



ഫോട്ടോ : മേഘ

ഞാൻ രണ്ടും കല്പിച്ച് വഴിയോരത്തെ പൈപ്പിൽ നിന്നുവരുന്ന വെള്ളം ദാഹിക്കുമ്പോഴൊക്കെ കുടിച്ചുതുടങ്ങി. എന്റെ ഈ പ്രവൃത്തി കണ്ട് സേട്ടു എന്നെ പല പ്രാവശ്യം അതിന്റെ മാരകസാധ്യതകളെക്കുറിച്ചൊക്കെ ഉപദേശിച്ചെങ്കിലും ഞാൻ ഒട്ടും പതറിയില്ല. പൈപ്പ് വെള്ളത്തിന്റെ ചുവ പണ്ടൊക്കെ തീരെ അരുചികരമായി തോന്നിയിരുന്നു. എന്നാൽ ഇപ്പോൾ പൈപ്പ് വെള്ളത്തിലും മണ്ണിന്റെ ഉറവയുടെ ആശ്വസിപ്പിക്കുന്ന സ്വാദ് മാത്രം.

രാജ്യത്തെ ജനങ്ങളാകട്ടെ ഭൂരിപക്ഷവും കോളയുടെ ആരാധകർ തന്നെയാണ്. ഓരോരുത്തർക്കും 'സി' അല്ലെങ്കിൽ 'പി' കോളയോട് പ്രത്യേക മമതയുണ്ടാകുമെന്ന് മാത്രം. രാജ്യത്തെ ജനങ്ങളെ മൊത്തമായി ഇങ്ങനെ വിഭജിക്കാമെന്നായി: ഒന്ന്, സി കോളയുടെ ആരാധകർ. രണ്ട്, പി. കോളയുടെ ആരാധകർ. ഏതെങ്കിലുമൊരു കോളക്കമ്പനിയുടേതല്ലാത്ത ഒരു സാമൂഹിക ആഘോഷവും രാജ്യത്ത് ഇല്ലാതായിത്തുടങ്ങി. ഞാൻ പണിയെടുക്കുന്നിടത്തും എന്റെ മാളത്തിലും ഉള്ള സഹദാരിദ്ര്യവാസികളിൽ കുറെ പേരെങ്കിലും 'സി' അല്ലെങ്കിൽ 'പി' കോളയുടെ ആൾക്കാരാണ് തങ്ങളെന്ന് സ്വയം പ്രഖ്യാപിച്ചു. ആ കൂറ് പ്രഖ്യാപിക്കലിൽ സ്വയം ഒരാനന്ദവും അഭിമാനവും അവർ കണ്ടെത്തുന്നതായി തോന്നി. അവർക്ക് മാസത്തിലൊരിക്കൽപോലും മനഃസാക്ഷിക്കുത്തില്ലാതെ സ്വന്തം പൈസ മുടക്കി ഒരു കുപ്പി കോള വാങ്ങാനുള്ള വരുമാനമില്ലായിരുന്നിട്ടും!

രണ്ട് കോളക്കമ്പനികളും വെറുതെ കോള വിൽക്കുക മാത്രമായിരുന്നില്ല. രാജ്യത്തെ എല്ലാ ഉത്സവങ്ങളും പരിപാടികലും വിനോദമേളകളും അവരുടെ ആഭിമുഖ്യത്തിൽ നടത്തിത്തുടങ്ങി.

വെള്ളത്തിന് പകരം രണ്ട് പടിഞ്ഞാറൻ കോളകളിലൊന്ന് എന്ന നിലയിലേക്ക് ഇവിടത്തെ ജനത വളർന്നിരിക്കുന്നത് തീർച്ചയായും രാജ്യം കൈവരിച്ചിരിക്കുന്ന പുരോഗതിയുടെ അടയാളമായി വാഴ്ത്തുന്ന ലേഖനങ്ങളും നിരീക്ഷണങ്ങളും മാധ്യമങ്ങളിൽ നിറഞ്ഞു. ഒരു പ്രത്യേക പ്രസംഗത്തിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ചു: "നമ്മുടെ രാജ്യം ഏതൊരു പടിഞ്ഞാറൻ രാജ്യത്തോടും കിടപിടിക്കത്തക്ക രീതിയിൽ വളർന്നിരിക്കുന്നു. ആഗോളവൽക്കരണം എന്ന മഹത്തായ സ്വപ്നം മുൻനിർത്തി ഈ ദശകത്തിന്റെ ആരംഭം മുതൽക്ക് നമ്മൾ സഞ്ചരിക്കുകയായിരുന്നു. എന്നാൽ പ്രിയപ്പെട്ടവരേ, ഒരു പടികൂടി കടന്ന് കൂടുതൽ മാധുര്യമിയന്ന, പ്രിയതരമായ ഒരു നേട്ടത്തിലാണ് നാം ഇന്ന് എത്തി നിൽക്കുന്നത്."

ആ നേട്ടം - എന്തെന്നോ! 'ആകോള വൽക്കരണം' അതെ, പ്രിയപ്പെട്ടവരെ, നമ്മൾ സമൃദ്ധിയുടെ 'ആകോളവൽക്കരണ'ത്തിലെത്തിക്കഴിഞ്ഞു. ഈ രാജ്യത്തെ ഓരോ പൗരന്റെയും ജീവിരക്തമായി ആകോളവൽക്കരണം അനുസ്യൂതം എവിടെയും പ്രവഹിക്കുകയാണ്...

മഹാനഗരമാകെ വീണ്ടുമൊരു മഹോത്സവ ലഹരിയിലാണ്. പുതുസഹസ്രാബ്ദത്തെ വരവേൽക്കാനുള്ള ഒരുക്കങ്ങൾ. തെരുവുകളിൽ വാഹനങ്ങൾ ഇഞ്ചോടിഞ്ച് മത്സരിച്ച് നീങ്ങുന്നത്ര തിരക്ക്. ഇന്നത്തെ രാത്രിയിൽ മഹാനഗരം ഒരു പോള കണ്ണടക്കില്ലെന്ന് മേയർ പ്രഖ്യാപിച്ച് കഴിഞ്ഞിരിക്കുകയാണ്.

മൂന്നു ദിവസമായി നഗരത്തിലെ പൈപ്പുകൾ പൂർണ്ണമായി വറ്റിയിരിക്കുന്നത് ഈ ഉത്സവത്തിനിടയിൽ ആരും ചിന്തിക്കുന്നുപോലുമില്ലെന്ന് തോന്നുന്നു. എമ്പാടും കോളക്കമ്പനികൾ നടത്തുന്ന കാർണിവലുകളിൽ അലിഞ്ഞ് ചേരാൻ മാത്രമാണ് ഏവരും വെമ്പൽ കൊള്ളുന്നത്. കുടിവെള്ളം എന്നേ വേണ്ടാതായവർക്ക് പൈപ്പിൽ വെള്ളമില്ലെന്നത് പ്രശ്നമേ ആകുന്നില്ലല്ലോ. തീർച്ചയായും ശൈത്യമേഖലാ രാജ്യമായതോടെ കുളിയൊക്കെ ചുരുങ്ങുകയും ശൗചകർമ്മങ്ങൾക്ക് ടോയ്‌ലറ്റ്



ഫോട്ടോ : ഷാജു സുബ്രഹ്മണ്യൻ

പേപ്പറും പ്രചാരച്ചിലാവുകയും ചെയ്ത സാഹചര്യത്തിൽ വെള്ളം ഒരവശ്യ വസ്തുവേയല്ല. ദാഹശമനത്തിനുപരിയായുള്ള ആവശ്യങ്ങൾക്കുള്ള വെള്ളം ജാസ്തി വിലയ്ക്ക് ടാങ്കറുകളിൽ സ്വകാര്യക്കമ്പനികൾ വിതരണം ചെയ്യുന്നുമുണ്ട്.

ഇടയ്ക്കിടെ ഇങ്ങനെ പൊതുപൈപ്പുകളിൽ വരുന്ന വെള്ളം അടുത്ത കാലത്തായി അപ്രത്യക്ഷമാകാറുണ്ട്. അപ്പോഴൊക്കെ സ്വകാര്യ ജലവിതരണക്കമ്പനികൾ രംഗത്തിറങ്ങാറുമുണ്ട്. ആർക്കും പരാതിയില്ല.

എന്നാൽ മൂന്ന് ദിവസമായി കുളിക്കാതിരുന്ന എനിക്ക് വൈകുന്നേരം സേട്ടുവിന്റെ കടയിൽ നിന്നിറങ്ങിയതും ഉടൻതന്നെ എവിടെയെങ്കിലും കഴുത്തറ്റം വെള്ളത്തിൽ മുങ്ങിക്കിടക്കണമെന്ന് കടുത്ത ആശ തോന്നി. എങ്ങനെയും മുഷിഞ്ഞുനാറിയ ഈ ശരീരത്തിൽനിന്ന് പുറത്ത് കടക്കാൻ ഞാൻ പരവേശപ്പെട്ടു. മെഴുക്കു പിടിച്ചിരിക്കുന്ന തൊലിയങ്ങ് ചീന്തിക്കളഞ്ഞാൽ നന്നായിരിക്കും.

നേരേ കടൽക്കരയിലേക്ക് വച്ചുപിടിച്ചു. തണുത്ത് വിറച്ചാലും വേണ്ടില്ല. കടലിലിറങ്ങി കുളിച്ചിട്ട് തന്നെ കാര്യം. ഒപ്പം ഒരു കവിൾ ഉപ്പുരസമുള്ള കടൽവെള്ളം കുടിച്ചാലും തരക്കേടില്ല. ഗതികേട് കൊണ്ട് കഴിഞ്ഞ ദിവസങ്ങളിൽ കോള മാത്രം കുടിച്ച് നാക്കാകെ പെരുത്തിരിക്കുന്നു.

കടൽക്കര തീർത്തും വിജനമായിരുന്നു. ഞാൻ മേൽവസ്ത്രങ്ങളെല്ലാം അഴിച്ചുമാറ്റി അണ്ടർവെയർ മാത്രം ധരിച്ച് വെള്ളത്തിലേക്കിറങ്ങി. പതുക്കെ ആഴമുള്ള ഭാഗത്തേക്ക് നീന്തി.

ഹെയ്, എന്താണ് വെള്ളത്തിന് വല്ലാത്തൊരു ചൂട്. കടൽക്കരയിൽ ആഞ്ഞുവീശുന്ന ശീതക്കാറ്റ് വെള്ളത്തിന്റെ അതികഠിനമായ തണുപ്പിനെക്കുറിച്ച് ആപൽസൂചന നൽകിയില്ലെങ്കിലും ഇത് നേരേ തിരിച്ചാണല്ലോ കാര്യം. കടലിനുള്ളിലേക്ക് കടക്കുംതോറും ചൂട് ഭീകരമാകുകയാണ്. ചൂട് തന്നെയല്ല ഒരുതരം രൂക്ഷഗന്ധവും. ഈ ഗന്ധം!

അതേ, വെടിമരുന്നിന്റെ ഗന്ധം...!

വർഷങ്ങൾക്കുമുമ്പ് മഹാനഗരത്തിൽ ആദ്യമായി കിട്ടിയ പണികളിലൊന്ന് ഒരു പടക്കനിർമ്മാണശാലയിലെ കണക്കപ്പിള്ളയുടേതായിരുന്നു. വെടിമരുന്നിന്റെ ഗന്ധം എനിക്ക് തെറ്റില്ല. ഞാൻ എന്നിട്ടും വെള്ളത്തിനടുത്തേക്ക് മൂക്ക് വിടർത്തിപ്പിടിച്ചു. സംശയമില്ല. വെടിമരുന്നിന്റെ ഗന്ധം തന്നെ...!

കൈക്കുമ്പിളിൽ വെള്ളം കോരിയെടുത്തു. അല്പം വായിലേക്കിറ്റിച്ചു. അടുത്ത നിമിഷം തന്നെ ഉച്ചത്തിലുള്ള ശബ്ദത്തോടെ ഛർദ്ദിച്ചു. നാലഞ്ച് വട്ടം ഓക്കാനിച്ചിട്ടാണ് വെള്ളത്തിന്റെ വൈകൃതം എന്റെ നാക്കിന്മേൽ അഴിച്ചുവിട്ട കലാപം ഒന്നടങ്ങിയത്.

വേഗം തന്നെ വെള്ളത്തിൽനിന്ന് പിൻവാങ്ങി മണൽപ്പരപ്പിൽ കയറി കുറേ നേരം കിടന്നു. ഇനി ഛർദ്ദിക്കാതിരുന്നാൽ മതിയായിരുന്നു. കുറേനേരം അങ്ങനെ കിടന്നപ്പോൾ നാക്കിനും വയറിനും തെല്ല് ഒരയവ് തോന്നി. ഒരുവേള ഈ ഭാഗത്ത് മാത്രം കടൽവെള്ളത്തിന് എന്തെങ്കിലും കുഴപ്പം അങ്ങനെ കിടന്നപ്പോൾ നാക്കിനും വയറിനും തെല്ല് ഒരയവ് തോന്നി.

ഒരുവേള ഈ ഭാഗത്ത് മാത്രം കടൽവെള്ളത്തിന് എന്തെങ്കിലും കുഴപ്പം സംഭവിച്ചതാകാം. മറ്റ് ഭാഗങ്ങളിൽ കുഴപ്പമില്ലെങ്കിലോ... ഏതായാലും ഒന്ന് പരീക്ഷിക്കാം.

കുറേദൂരം കടൽക്കരയിലൂടെ നടന്ന് ഞാൻ വീണ്ടും കടലിലേക്കിറങ്ങി.

മുമ്പത്തേതിനേക്കാൾ രൂക്ഷമായ വെടിമരുന്ന് ഗന്ധവും ചൂടും കടൽവെള്ളത്തിന്...! ഞാൻ വീണ്ടും ഛർദ്ദിച്ചു.

കടലാകെ വെടിമരുന്നിന്റെ ഒരു മഹാരാശിയായിരിക്കുന്നു! എന്റെ ശരീരമാകെ കോച്ചിപ്പിടിക്കുകയും വേദനിക്കുകയും ചെയ്യുന്നു. ഒരിറ്റ് ശുദ്ധജലത്തിനായി ശരീരത്തിന്റെ ഓരോ അണുവും ഉച്ചത്തിൽ അലറി വിളിക്കുന്നു.

പെട്ടെന്ന് പടിഞ്ഞാറ് നിന്ന് ഒരു ഊക്കൻ ശീതക്കാറ്റ് വീശി. മണൽക്കൂനകൾ തന്നെ കാറ്റിൽ ഉയർന്നുപൊങ്ങി അന്തരീക്ഷമാകെ കലങ്ങിമറിഞ്ഞു. പടിഞ്ഞാറൻ കാറ്റിൽനിന്ന് പുതിയൊരു അരോചകഗന്ധം എന്റെ മൂക്കിലേക്കും തലച്ചോറിലേക്കും തുളച്ചുകയറി. മനുഷ്യച്ചോരയുടെ ഗന്ധം.

ചോരയുടെ മണവും വെടിമരുന്നിന്റെ ഗന്ധവും കെട്ടിവരിഞ്ഞ് കാറ്റിൽ ആഞ്ഞ് വീശുകയാണ്.

എന്റെ ശരീരമപ്പാടെ വില്ലുപോലെ വളയുന്ന ഒരു ഛർദ്ദിയിലേക്ക് എടുത്തെറിയപ്പെട്ടു. ഛർദ്ദിയുടെ കൂറ്റൻ തിരമാലകൾ ഒന്നിന് പിന്നാലെ ഒന്നായി എന്നെ ചുഴറ്റിയെറിയുകയാണ്...

പൂർണ്ണവിധേയത്വത്തോടെ പടിഞ്ഞാറൻ കാറ്റിനും തിരമാലകൾക്കും ഞാൻ എന്റെ ശരീരത്തെ ഇതാ വിട്ടുകൊടുക്കുന്നു...!

*കെ.ആർ.ഡബ്ല്യു.എ. 76 എ,*
*ഐ.എ.എസ്. കോളനി, വട്ടിയൂർക്കാവ്,*
*തിരുവനന്തപുരം – 13.*